പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2653 | 17.06.2019 ൽ മറുപടിയ്ക്ക്

വനം, വന്യജീവി സംരക്ഷണ നിയമവും കർഷകരും

| ചോദ്യം<br>ശ്രീ. ഒ.രാജഗോപാൽ<br>ശ്രീ.പി.സി.ജോർജ്ജ് | | മറുപടി<br>അഡ്വ.കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പമന്ത്രി) |
|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വന്യമൃഗങ്ങളുടെ ആക്രമണത്തിൽ നിന്ന് കൃഷിയേയും കർഷകരേയും സംരക്ഷിക്കുവാൻ എന്തൊക്കെ പദ്ധതികൾ/കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്; വ്യക്തമാക്കാമോ; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കൃഷിയേയും കർഷകരേയും സംരക്ഷിക്കുന്നതിനായി വനം വകുപ്പ് സ്വീകരിച്ചു വരുന്ന പ്രതിരോധ മാർഗ്ഗങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഈ കാലഘട്ടത്തിൽ കോഴിക്കോട്, ഇടുക്കി, കോട്ടയം, പത്തനംതിട്ട ജില്ലകളിൽ വനം, വന്യജീവി സംരക്ഷണ നിയമത്തിന്റെ പേരിൽ കർഷകർക്കെതിരെ എത്ര കേസുകളെടുത്തിട്ടുണ്ട്; ജില്ലതിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ; | (ബി) ഈ കാലഘട്ടത്തിൽ കോഴിക്കോട്, ഇടുക്കി, കോട്ടയം, പത്തനംതിട്ട ജില്ലകളിൽ വനം വന്യജീവി സംരക്ഷണ നിയമത്തിന്റെ പേരിൽ കർഷകർക്കെതിരെ കേസുകളൊന്നും എടുത്തിട്ടില്ല. |

| | | |
|---|---|---|
| (സി) | കർഷകന്റെ സ്വന്തം കൃഷിയിടത്തിൽ നിന്നും തേക്ക്, ഈട്ടി മുതലായ മരങ്ങൾ മുറിക്കുന്നതിനും വിൽക്കുന്നതിനും എന്തൊക്കെ നടപടിക്രമങ്ങളാണ് സർക്കാർ നിർദ്ദേശിച്ചിരിക്കുന്നത്; വ്യക്തമാക്കാമോ? | (സി) 2005-ലെ സ്വകാര്യ ഭൂമിയിലെ വൃക്ഷം വളർത്തൽ പ്രോത്സാഹന നിയമപ്രകാരം സ്വകാര്യഭൂമിയിലെ തേക്ക്, ഈട്ടി മുതലായ മരങ്ങൾ മുറിച്ചു മാറ്റുന്നതിന് അനുമതി നൽകി വരുന്നുണ്ട്.<br>നോട്ടിഫൈഡ് വില്ലേജിൽ നിൽക്കുന്ന തേക്ക്, ഈട്ടി എന്നീ മരങ്ങൾ മുറിക്കുന്നതിന് മുൻപ് ബന്ധപ്പെട്ട റെയിഞ്ച് ഫോറസ്റ്റ് ഓഫീസറിൽ നിന്നും മുൻകൂർ അനുവാദം വാങ്ങേണ്ടതാണ്.<br>അനുവാദത്തോടെ മുറിച്ച മരങ്ങൾ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ നൽകുന്ന Form-III പാസ്സ് പ്രകാരം കൊണ്ടുപോകാവുന്നതാണ്.<br>നോട്ടിഫൈഡ് വില്ലേജിൽപ്പെടാത്ത സ്ഥലത്തുനിന്നും തേക്ക്, ഈട്ടി എന്നീ മരങ്ങൾ മുറിക്കുന്നതിനും നീക്കം ചെയ്യുന്നതിനും മുൻപ് ബന്ധപ്പെട്ട റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ മുൻപാകെ ഭൂമിയുടെ ഉടമസ്ഥൻ ഒരു സാക്ഷ്യപത്രം നൽകേണ്ടതും റെയിഞ്ച് ഫോറസ്റ്റ് ഓഫീസറിൽ നിന്നും acknowledgement ലഭിക്കുന്ന പക്ഷം 15 ദിവസത്തിനകം തടികൾ നീക്കം ചെയ്യാവുന്നതുമാണ്. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

1. വനാതിർത്തിയിൽ വന്യമൃഗങ്ങൾ മനുഷ്യവാസ പ്രദേശങ്ങളിലേയ്ക്ക് ഇറങ്ങുന്നത് പ്രതിരോധിക്കുന്നതിലേയ്ക്കായി സൗരോർജ്ജ വേലികൾ, ആന പ്രതിരോധ കിടങ്ങുകൾ, ആന പ്രതിരോധ മതിലുകൾ, ക്രാഷ് ഗാർഡ് ഫെൻസിംഗ് തുടങ്ങിയവ നിർമ്മിക്കുന്നു. സംസ്ഥാനത്ത് 2018-19 വരെ 2413.7 കി.മീ.നീളത്തിൽ സൗരോർജ്ജ വേലി, 631 കി.മീ. നീളത്തിൽ ആന പ്രതിരോധ കിടങ്ങുകൾ, 178.133 കി.മീ. ആന പ്രതിരോധ മതിൽ, 6 കി.മീ. കല്ലുകെട്ടിയ കിടങ്ങുകൾ (Stone Pitched Trenches), 26 കി.മീ. ജൈവവേലി, 248 കി.മീ. കയ്യാല എന്നിവ നിർമ്മിച്ചിട്ടുണ്ട്.

2. വനത്തിനു പുറത്തേക്ക് വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ചു വിടുന്നതിനുള്ള സംവിധാനത്തോടെ പ്രവർത്തിക്കുന്ന റാപ്പിഡ് റെസ്പോൺസ് ടീമുകൾ.

3. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.

4. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടിവച്ചോ, കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസകേന്ദ്രങ്ങളിൽ നിന്നും അകലെയുള്ള വന മേഖലയിലേയ്ക്ക് റീ-ലൊക്കേറ്റ് ചെയ്യൽ

5. പ്രശ്നബാധിത മേഖലകളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ് മുഖാന്തിരം പ്രദേശവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകൽ.

6. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.

7. വന്യജീവി ആക്രമണം രൂക്ഷമായി അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെൻറുകളിൽ നിന്നും കുടുംബങ്ങളെ അവരുടെ സമ്മതത്തോടെ നഷ്ടപരിഹാരം നൽകി മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ.

8. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക്ഡാമുകളും നിർമ്മിക്കുന്നതിനും വനവത് ക്കരണം നടത്തുന്നതിനുമുള്ള നടപടികൾ.

9. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ജനപങ്കാളിത്തത്തോടെ രൂപീകരിച്ച ജനജാഗ്രതാ സമിതികൾ മുഖേനയുള്ള പ്രവർത്തനങ്ങൾ.

സെക്ഷൻ ഓഫീസർ